# പതിമൂന്നാം കേരള നിയമ സഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമ സഭാ ചോദ്യം നമ്പർ 11 — 10-06-2013 -ലെ മറുപടിക്ക്

### ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | | **ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്തുണ്ടായ വരൾച്ച നേരിടാനുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ മുഖ്യമന്ത്രി ജില്ലകളിൽ വിളിച്ചു ചേർത്ത യോഗതീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ)<br>&<br>ബി) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ജില്ലാ തല അവലോകന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കി വരുന്നു. വയനാട് ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം കൂടുകയുണ്ടായി. വയനാട് ജില്ലയിൽ റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലാണ് അവലോകന യോഗം ചേർന്നത്. ജില്ലാതല യോഗങ്ങളിൽ എം.പിമാർ, എം.എൽ.എമാർ, ജില്ലാ / ബ്ലോക്ക് / ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ അതാത് പ്രദേശങ്ങളിൽ സ്വീകരിക്കേണ്ട വരൾച്ച/കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് മുന്നോട്ട് വച്ച നിർദ്ദേശങ്ങളിൽ പൊതുവായ കാര്യങ്ങളിൽ സർക്കാർ തലത്തിലും അല്ലാതെയുള്ളവ ജില്ലാ തലത്തിലും നടപടി സ്വീകരിച്ചു.<br>ജില്ലാ കളക്ടർമാർക്ക് വരൾച്ച പ്രതിരോധത്തിനായി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും 31-05-2013 വരെ 20 ലക്ഷം രൂപക്കുള്ള കുടിവെള്ള/ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകാൻ അനുവാദം നല്കി. അതോടൊപ്പം കുടിവെള്ള വിതരണത്തിൽ കാലതാമസം ഒഴിവാക്കാൻ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന തൽക്കാലം 31.05.2013 വരെ ഒഴിവാക്കാനും തനത് ഫണ്ടില്ലാത്ത പഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണത്തിനായി 50,000/- രൂപാ അഡ്വാൻസ് നൽകാനും നിർദ്ദേശം നൽകി. കുടിവെള്ള വിതരണം തടസ്സം കൂടാതെ നടത്താൻ ടാങ്കറുകൾ വാങ്ങാൻ ജില്ലാ കളക്ടർമാർക്ക് അനുവാദം നല്കി. ജലവിഭവ വകുപ്പിലെ എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്ക് അനുമതി നൽകാവുന്ന തുക എട്ട് ലക്ഷത്തിൽ നിന്നും മെയ് 31 വരെ 20 ലക്ഷമായി വർദ്ധിപ്പിച്ചു. വാട്ടർ അതോറിറ്റിയുടെ റോ വാട്ടർ പമ്പിംഗ്, ഫിൽറ്ററിംഗ്, ഡിസ്ട്രിബ്യൂഷൻ കേന്ദ്രങ്ങളിലെ ലോഡ്ഷെഡിംഗ് സമയം ഏകോപിപ്പിക്കാൻ |
| ബി) | ഏതെല്ലാം ജില്ലകളിൽ യോഗം ചേരുകയുണ്ടായി; ജില്ലകളിൽ നിന്നും പൊതുവായി എന്തെല്ലാം ആവശ്യങ്ങൾ ഉയർന്നു വരുകയുണ്ടായി; ഓരോ ജില്ലയിലും കൈക്കൊണ്ട യോഗതീരുമാനങ്ങൾ പൊതുവിൽ എന്തെല്ലാമായിരുന്നു; | | |

| | | | |
|---|---|---|---|
| | | | KSEB യേയും വാട്ടർ അതോറിറ്റിയേയും ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരൾച്ച /കുടിവെള്ള വിതരണ പ്രവർത്തനങ്ങൾക്ക് 5 ലക്ഷം (ഗ്രാമപഞ്ചായത്ത്), 10 ലക്ഷം (നഗരസഭ), 25 ലക്ഷം (കോർപ്പറേഷൻ) എന്നിങ്ങനെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകി.<br>ടാങ്കർ ലോറിയിലെ കുടിവെള്ള വിതരണം, കേടായ പൈപ്പ് ലൈൻ പുനരുദ്ധാരണം, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ, തടയണ/മഴക്കുഴി നിർമ്മാണം, കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം, കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത് തടയൽ, കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുക, കേടായ കുഴൽകിണർ, ഉപയോഗിക്കാത്ത കുളങ്ങൾ, കിണറുകൾ എന്നിവ പുനരുദ്ധരിക്കുക, തുടങ്ങിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആവശ്യം വേണ്ട തീരുമാനങ്ങൾ എടുത്ത് നടപ്പാക്കുകയും ഇക്കാര്യത്തിൽ ജില്ലാ തലത്തിൽ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്തു. ഇതോടൊപ്പം പത്തനംതിട്ട ജില്ലയിൽ നടപ്പാക്കിയ പാറമടയിലെ ജലം ശുദ്ധീകരിക്കുന്ന പദ്ധതിയും കണ്ണൂർ ജില്ലയിൽ നടപ്പാക്കിയ "വാട്ടർ കിയോസ്കുകളും" പോലുള്ള കുടിവെള്ള വിതരണ സംവിധാനങ്ങളും ശ്രദ്ധേയ ങ്ങളാണ്. |
| സി) | യോഗ തീരുമാനങ്ങളും ആവശ്യങ്ങളും നടപ്പിലാക്കാൻ എന്തു തുക ഓരോ ജില്ലയും അധികമായി ആവശ്യപ്പെട്ടു; ഓരോ ജില്ലയ്ക്കും അനുവദിച്ച അധിക തുക എത്ര; ചെലവഴിക്കപ്പെട്ടതെത്ര; | സി)<br>&<br>ഡി) | ജില്ലാതല യോഗങ്ങളുടെ അടിസ്ഥാനത്തിൽ 70 കോടി രൂപ അധികമായി അനുവദിച്ചു. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും ആകെ 1,29,34,43,792 (നൂറ്റി ഇരുപത്തിയൊമ്പത് കോടി മുപ്പത്തിനാല് ലക്ഷത്തി നാല്പത്തിമൂവായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപാ മാത്രം) 2013-14 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയ്ക്ക് ആനുപാതികമായി ജില്ലാ കളക്ടർമാർ വിവിധ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വരൾച്ച ദുരിതാശ്വാസ /കുടിവെള്ള വിതരണ പ്രവർത്തനങ്ങൾക്ക് കളക്ടർമാർ നൽകുന്ന അനുമതിയുടെ അടിസ്ഥാനത്തിൽ നടത്തിയതും നടന്നു വരുന്നതുമായ പ്രവൃത്തികൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിച്ചു നൽകുന്നതാണ്. ജില്ലാതല വിവരങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു. വരൾച്ചയുടെ ഭാഗമായി കണക്കാക്കപ്പെട്ട |
| ഡി) | വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയും ഇതിനകം ചെലവഴിച്ച മൊത്തം തുക എത്ര; വരൾച്ചയുടെ ഭാഗമായി കണക്കാക്കപ്പെട്ട മൊത്തം നഷ്ടം ഓരോ ജില്ലയിലും എത്രയായിരുന്നു? | | |

| | | | |
|---|---|---|---|
| | | | മൊത്തം നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**